പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 47 — 19.03.2013-ൽ മറുപടിയ്ക്ക്

# വൈദ്യുത മേഖലയിലെ സ്വകാര്യവൽക്കരണം

ചോദ്യം

ശ്രീ. രാജു എബ്രഹാം :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. എസ്. ശർമ്മ :
പ്രൊഫ. സി. രവീന്ദ്രനാഥ് :

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

(എ) വൈദ്യുത രംഗത്ത് കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക പുനസംഘടനാ പാക്കേജിന്റെ ഭാഗമായ മാൻഡേറ്ററി കണ്ടീഷനുകൾ അംഗീകരിച്ചുകൊണ്ട് സംസ്ഥാനം കേന്ദ്ര സർക്കാരിന് കത്ത് നൽകിയിട്ടുണ്ടോ ;

(എ) ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളുടെ ഉടമസ്ഥതയിലുള്ള വിതരണ സ്ഥാപന ങ്ങളുടെ (State Distribution Companies (DIS COMS)) മോശമായ പ്രവർത്തന നിലവാരവും സാമ്പത്തിക പരാധീനതയും ഗണ്യമായ തോതിലുള്ള ബാധ്യതകളും കണക്കിലെടുത്തുകൊണ്ട് വിതരണ കമ്പനികൾക്കായി കേന്ദ്ര സർക്കാരിന്റെ ഊർജ്ജ മന്ത്രാലയം രൂപം നൽകിയ സാമ്പത്തിക പുന:രുദ്ധാരണ പദ്ധതിയിൽ (Financial Re-structuring Scheme) ചേരുന്നതിന് 31-12-2012 വരെ മാത്രമേ അവസരമുണ്ടായിരുന്നുള്ളൂ. സ്കീമിൽ ചേരുന്നതു സംബന്ധിച്ച 'തത്വത്തിലുള്ള' സന്നദ്ധത ഒരാഴ്ച്ചയ്ക്കകം നിർദ്ദിഷ്ട പ്രഫോർമയിൽ അറിയിക്കണമെന്ന് 2012 നവംബർ 14-ലെ കത്തു പ്രകാരം കേന്ദ്ര ഊർജ്ജ മന്ത്രാലയം നിർദ്ദേശിച്ചിരുന്നു.

ഇതിനകം തന്നെ വളരെ ഗുരുതരമായ സാമ്പത്തിക സ്ഥിതിയിലുള്ള സംസ്ഥാന വൈദ്യുതി ബോർഡിനെ സംബന്ധിച്ചിടത്തോളം കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സഹായങ്ങൾ വേണ്ടെന്നു വയ്ക്കാൻ കഴിയാത്ത സാഹചര്യ ത്തിൽ, മറ്റു പല സംസ്ഥാനങ്ങളും ചെയ്തിട്ടുള്ള തുപോലെ സ്കീമിൽ ചേരുന്നതിനുള്ള 'തത്വത്തി ലുള്ള' സമ്മതം സംസ്ഥാനം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. സ്കീമിന്റെ പാർട്ട് സി യിൽ പ്രതിപാദിച്ചിരിക്കുന്ന നിർബന്ധിത വ്യവസ്ഥകൾ പാലിക്കുന്നതാണെന്ന് സമ്മതിക്കുന്ന പ്രസ്താവന ടി പ്രഫോർമയിൽ ഉൾപ്പെട്ടിരുന്നു വെങ്കിലും ആയവയിന്മേൽ

സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ടിൽ വിതരണ രംഗത്തെ സ്വകാര്യ പങ്കാളിത്തമുൾപ്പെടെയുള്ള വിഷയങ്ങളിൽ സാമ്പത്തിക പുനരുദ്ധാരണ പദ്ധതിയ്ക്ക് സർക്കാർ അംഗീകാരത്തോടെ അന്തിമ രൂപം നൽകുമ്പോൾ മാത്രമേ നടപടി സ്വീകരിക്കുകയുള്ളൂവെന്ന് വ്യക്തമാക്കിയിരുന്നു.

(ബി) എത്ര സംസ്ഥാനങ്ങൾ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിനെ പ്രതികരണമറിയിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല.

(സി) മദ്ധ്യപ്രദേശ്, പഞ്ചാബ് എന്നീ സംസ്ഥാനങ്ങൾ വൈദ്യുതി വിതരണമേഖലയിൽ സ്വകാര്യവൽക്കരണം നടപ്പിലാക്കാൻ കഴിയില്ലെന്ന് കേന്ദ്ര സർക്കാരിനെ അറിയിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇല്ല.

(ഡി) എന്തുകൊണ്ടാണ് സ്വകാര്യവൽക്കരണമടക്കമുള്ള നിബന്ധനകൾ അംഗീകരിക്കാമെന്ന് സംസ്ഥാനം കേന്ദ്രത്തെ അറിയിച്ചത് ; വ്യക്തമാക്കാമോ ;

(ഇ) ഇക്കാര്യത്തിൽ തീരുമാനം കൈക്കൊണ്ടത് മന്ത്രിസഭാ യോഗത്തിലാണോ ; എങ്കിൽ പ്രസ്തുത തീരുമാനം എടുത്ത മന്ത്രിസഭാ കുറിപ്പിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

(ഡി) & (ഇ) വൈദ്യുതി ബോർഡിന്റെ സാമ്പത്തിക പുനരുദ്ധാരണ സ്കീമിൽ സംസ്ഥാനം ചേരുന്നതും ആയത് സംസ്ഥാന വിതരണ സ്ഥാപനമായ വൈദ്യുതി ബോർഡിൽ നടപ്പിലാക്കുന്നതും സംബന്ധിച്ച വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും 19-02-2013ൽ ചേർന്ന മന്ത്രിസഭാ യോഗം സാമ്പത്തിക പുനരുദ്ധാരണ പദ്ധതിയിൽ സംസ്ഥാന സർക്കാരും ചേരുന്നതാണ് എന്നും സ്വകാര്യ ഫ്രാഞ്ചൈസിയും പൊതു സ്വകാര്യ മേഖലാ പങ്കാളിത്തവും (Public - Private - participation) ഉണ്ടായിരിക്കുന്നതല്ല എന്ന് കേന്ദ്ര സർക്കാരിനോട് വ്യക്തമാക്കേണ്ടതാണ് എന്നും തീരുമാനിക്കുകയുണ്ടായി. തദനുസരണം സംസ്ഥാന സർക്കാരിന്റെ നിലപാടു വ്യക്തമാക്കിക്കൊണ്ട് കേന്ദ്ര സർക്കാരിന് 27-02-2013-ൽ കത്തു നൽകിയിട്ടുണ്ട്. മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ.

അനുബന്ധം

കേരള സർക്കാർ
(ശ്രീ. ഉമ്മൻ ചാണ്ടി മന്ത്രിസഭ)
മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | 8131/സി 1/2012/ഊ. വ |
| 2 | വകുപ്പ് | : | ഊർജ്ജ (സി) വകുപ്പ് |
| 3 | വിഷയം | | കേന്ദ്ര സർക്കാരിന്റെ സംസ്ഥാന വിതരണ കമ്പനികളുടെ സാമ്പത്തിക പുന;സംഘടനയ്ക്കായുള്ള പദ്ധതിയിൽ ചേരുന്നതും നടപ്പാക്കുന്നതും - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 28-01-2013 |
| 5 | i)ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? | | അതെ. |
| | ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല. |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. കെ. ജെ. ആന്റണി |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. എം. ശിവശങ്കർ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 11-02-2013 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. കെ. ജോസ് സിറിയക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 11-02-2013 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. ആര്യാടൻ മുഹമ്മദ് |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 14-02-2013 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 16-02-2013 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കേന്ദ്ര സർക്കാർ ആവിഷ്ക്കരിക്കുകയും അംഗീകരിക്കുകയും ചെയ്ത സംസ്ഥാന വിതരണ കമ്പനികളുടെ സാമ്പത്തിക പുന:സംഘടനയ്ക്കായുള്ള പദ്ധതിയിൽ ചേരുന്നതും ആയത് നടപ്പാക്കുന്നതും സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. സംസ്ഥാനങ്ങളുടെ ഉടമസ്ഥതയിലുള്ള വിതരണ കമ്പനികളുടെ (Discoms) ഗുണപരമായ മാറ്റത്തിനു പ്രാപ്തമാകുന്നതിനും അവയുടെ ദീർഘകാലാടിസ്ഥാനത്തിലുള്ള വികസന സാധ്യത ഉറപ്പുവരുത്തുന്നതിനുമായി കേന്ദ്ര സർക്കാരിന്റെ ഊർജ്ജ മന്ത്രാലയം 05-10-2012 ലെ ഓഫീസ് മെമ്മോറാണ്ടം പ്രകാരം സംസ്ഥാന വിതരണ കമ്പനികളുടെ സാമ്പത്തിക പുന:രുദ്ധാരണത്തിനായി ഒരു പദ്ധതിക്ക് രൂപം നൽകിയിരുന്നു. കേന്ദ്ര സർക്കാരിന്റെ പരിവർത്തക സാമ്പത്തിക സംവിധാന (transitional finance mechanism) ത്തിന്റെ സഹായത്തോടെ സംസ്ഥാന വിതരണ കമ്പനികളുടെ ബാധ്യതകൾ പുന:സംഘടിപ്പിക്കുന്നതിലൂടെ അവയുടെ സാമ്പത്തിക രംഗത്തെ ഗുണപരമായ മാറ്റം ആർജ്ജിക്കുന്നതിന് വിതരണ കമ്പനികളും സംസ്ഥാന സർക്കാരുകളും സ്വീകരിക്കേണ്ട നടപടികൾ ഈ സ്കീമിൽ ഉൾക്കൊണ്ടിരിക്കുന്നു. സ്കീമിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു

3. സ്കീമിന്റെ ശ്രദ്ധേയമായ സവിശേഷതകൾ താഴെപ്പറയുന്നവയാണ് :-

a) വിതരണ കമ്പനിയുടെ 31-03-2012 വരെയുള്ള ഹ്രസ്വകാല ബാധ്യതകളുടെ (Short term liabilities) 50% സംസ്ഥാന സർക്കാർ ഏറ്റെടുക്കേണ്ടതാണ്. ഇത് സർക്കാർ ഗാരൻറിയോടുകൂടി വിതരണ കമ്പനി പുറപ്പെടുവിക്കേണ്ട കടപ്പത്രങ്ങളാക്കി (Bonds) മാറ്റേണ്ടതാണ്. സംസ്ഥാന സർക്കാരിന്റെ ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി ആൻറ് ബഡ്ജറ്റ് മാനേജ്മെൻറ് (Fiscal Responsibility and Budget Management) പരിധിക്കുള്ളിൽ നിന്നുകൊണ്ട് സ്കീമിൽ പങ്കാളിയാകുന്ന സാമ്പത്തിക സ്ഥാപനങ്ങളുടെ (lenders) പേർക്ക് പ്രത്യേക കടപ്പത്രങ്ങൾ (special securities), പുറപ്പെടുവിക്കുന്നതിലൂടെ ബാധ്യത ഘട്ടം ഘട്ടമായി സംസ്ഥാന സർക്കാർ ഏറ്റെടുക്കേണ്ടതാണ്. ഈ ഭാഗത്തിന്റെ മുതലും പലിശയും തിരിച്ചടക്കുന്നതിൽ സംസ്ഥാന സർക്കാർ വിതരണ കമ്പനിയ്ക്ക് പൂർണ്ണമായ പിന്തുണ നൽകേണ്ടതാണ്.

b) ഹ്രസ്വകാല വായ്പകളുടെ (STL) ശേഷിക്കുന്ന 50% സാമ്പത്തിക സ്ഥാപനങ്ങൾ പുന:സംഘടിപ്പിക്കേണ്ടതും മുതലിന്മേൽ 3 വർഷത്തേയ്ക്കുള്ള മൊറട്ടോറിയത്തോടെ (moratorium) ആയത് വിതരണ കമ്പനി തിരിച്ചടയ്ക്കേണ്ടതുമാണ്. മുതലിൻെറയും പലിശയുടെയും തിരിച്ചടവ് സംസ്ഥാന സർക്കാർ ഗാരൻറി മുഖേന പൂർണ്ണമായും സംരക്ഷിക്കപ്പെടുന്നതാണ്.

c) വായ്പയുടെ പുന:സംഘടന (re-structuring) /പുന:ക്രമീകരണത്തെ (re-schedulement) പിൻതുടർന്ന് വിതരണ യൂട്ടിലിറ്റിയുടെ പ്രവർത്തന പരമായ പ്രകടനം മെച്ചപ്പെടുത്തുന്നതിന് സുനിശ്ചിതവും വിലയിരുത്തക്കവിധത്തിലുള്ളതുമായ നടപടികൾ വിതരണ കമ്പനിയുടെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടതാണ്. സംസ്ഥാന സർക്കാരും വിതരണ സ്ഥാപനവും സ്കീമിൻെറ നിർബന്ധിതവും ശുപാർശാ സ്വഭാവത്തിലുള്ളതും ആയ ഏതാനും വ്യവസ്ഥകൾ പാലിക്കാൻ പ്രതിബദ്ധരായിരിക്കണം.

d) നിർദ്ദിഷ്ട നിർബന്ധിത വ്യവസ്ഥകളുടെ (mandatory conditions) സാക്ഷാത്ക്കാരത്തിനു വിധേയമായി പുന:സംഘടനാ പ്രക്രിയയ്ക്ക് ഉപോൽബലകമായി കേന്ദ്ര സർക്കാരിൻെറ പരിവർത്തക സാമ്പത്തിക സംവിധാനം (Transitional Finance Mechanism) ലഭ്യമായിരിക്കുന്നതാണ്.

e) ആദ്യത്തെ 3 വർഷങ്ങളിലേക്കുള്ള പ്രവർത്തന നഷ്ടങ്ങൾക്കും പലിശക്കും സാമ്പത്തിക സഹായം നൽകുന്നതിനായി ഒരു പ്രത്യേക ക്രമീകരണം ഏർപ്പെടുത്തുന്നതും പ്രവർത്തന നഷ്ടങ്ങളുടെ ശേഷിക്കുന്ന ഭാഗത്തിന് സംസ്ഥാന സർക്കാർ പണം നൽകേണ്ടതുമാണ്.

f) പരിവർത്തന പദ്ധതിയുടെ പുരോഗതി യഥാക്രമം സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാർ തലങ്ങളിൽ രൂപീകരിക്കുന്ന രണ്ടു സമിതികളുടെ മേൽനോട്ടത്തിലായിരിക്കും.

4. കേന്ദ്രസർക്കാർ നിർദ്ദേശിച്ച ഈ പദ്ധതി പ്രധാനമായും സഞ്ചിത നഷ്ടങ്ങളുള്ളതും പ്രവർത്തന നഷ്ടങ്ങൾ നികത്തുന്നതിന് പണം കണ്ടെത്താൻ ബുദ്ധിമുട്ടുന്നതുമായ സംസ്ഥാന വിതരണ കമ്പനികളുടെ സാമ്പത്തിക പുന:സംഘടനയെ ഉദ്ദേശിച്ചുള്ളതാണ്. കേരള സംസ്ഥാന വൈദ്യുതി ബോർഡിനെ സംബന്ധിച്ചിടത്തോളം, കെ. എസ്. ഇ. ബിയുടെ ആസ്തി ബാദ്ധ്യതകൾ ഇപ്പോൾ സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്നതും ആയവ പുതുതായി രൂപം നൽകിയ

കമ്പനിയായ കേരള ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലേക്ക് പുനർനിക്ഷിപ്തമാക്കിയിട്ടില്ലാത്തതുമാണ് എന്നത് ശ്രദ്ധിക്കാവുന്നതാണ്.

5. 11-12-2012-ലെ ഉത്തരവു പ്രകാരം സംസ്ഥാന വൈദ്യുതി ബോർഡ് സാമ്പത്തിക പുന:സംഘടനാ പദ്ധതി ബോർഡിൽ നടപ്പാക്കുന്നതിന് തത്വത്തിലുള്ള അംഗീകാരം നൽകുകയും സ്കീം അംഗീകരിക്കുകയും നടപ്പാക്കുകയും ചെയ്യുന്നതിനും സാമ്പത്തിക പുന:സംഘടനയ്ക്കായി സാധ്യമായ ഏറ്റവും നല്ല ധാരണയ്ക്കായി വായ്പ നല്കുന്ന ബാങ്കുകൾ/ധനകാര്യ സ്ഥാപനങ്ങൾ എന്നിവയുമായി ചർച്ച ചെയ്തു തീരുമാനമെടുക്കുന്നതിനായി ഒരു സംസ്ഥാന തല മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിനുമായി സംസ്ഥാന സർക്കാരിനെ സമീപിക്കാൻ തീരുമാനിക്കുകയും ചെയ്തു. കെ. എസ്. ഇ. ബി, മെമ്പർ (ഫിനാൻസ്) 30-11-2012-ലെ കത്തു പ്രകാരം വൈദ്യുതി ബോർഡിൻെറ സാമ്പത്തിക നില മറ്റു സംസ്ഥാന വിതരണ കമ്പനികളുടേതിനു സമാനമാണെന്നും സ്കീമിൽ പ്രതിപാദിച്ചിരിക്കുന്ന വിധത്തിലുള്ള സാമ്പത്തിക പുന:സംഘടനയുടെ ആവശ്യകതയുണ്ടെന്നും സർക്കാരിനെ അറിയിച്ചു. ഇൻഡ്യയിലെ ഊർജ്ജ മേഖല ഭാവിയിൽ വികാസം പ്രാപിക്കുന്നതു സംബന്ധിച്ച ഒരു സൂചകമായി ഈ സ്കീമിനെ കാണേണ്ടതാണെന്നും സംസ്ഥാനത്തിൻെറ ഉടമസ്ഥതയിലുള്ള ഒരു വിതരണ കമ്പനി എന്ന നിലയിൽ കെ. എസ്. ഇ. ബി അതിൻെറ ഭാവിയിലുള്ള സുസ്ഥിര വികസനത്തിനായി പ്രവർത്തന കാര്യക്ഷമത വർദ്ധിപ്പിക്കേണ്ടതാണെന്നും ചൂണ്ടിക്കാട്ടപ്പെട്ടു.

6. സ്കീമിനെ സംബന്ധിച്ച വിവിധ വസ്തുതകളും അവയ്ക്ക് കെ. എസ്. ഇ. ബിയിൽ ഉണ്ടാകാവുന്ന പ്രതിഫലനങ്ങളും സംബന്ധിച്ച് ബോർഡ് ചൂണ്ടിക്കാട്ടിയിട്ടുള്ളത് താഴെ പറയും പ്രകാരമാണ് :-

**I. സ്കീമിൻെറ കാലാവധി :**

സ്കീം നോട്ടിഫിക്കേഷൻ തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതും കേന്ദ്ര സർക്കാർ ദീർഘിപ്പിക്കാത്ത പക്ഷം 2012 ഡിസംബർ 31 വരെ നിലവിലുള്ളതുമായിരിക്കും.

**II. ലഭിക്കാനർഹമായ തുക :**

വിതരണ കമ്പനികളുടെ 31-03-2012 വരെയുള്ള സഞ്ചിത നഷ്ടത്തിനനുസൃതമായി അവയുടെ ഹ്രസ്വകാല ബാദ്ധ്യതകളുടെ (നിലവിലുള്ള ഹ്രസ്വകാല വായ്പകൾ, പവർ പർച്ചേസ് തിരിച്ചടവുകൾ എന്നീ വകയിൽ) 50% ഈ

പദ്ധതിയുടെ പരിധിയിൽ വരുന്നതാണെന്ന് സ്കീമിൻെറ ഖണ്ഡം 2.2ൽ പ്രസ്താവിച്ചിരിക്കുന്നു. സ്കീമിനെ സംബന്ധിച്ച് ഹ്രസ്വകാല ബാദ്ധ്യതകൾ എന്നതു കൊണ്ട് അർത്ഥമാക്കുന്നത് ഹ്രസ്വകാല വായ്പകളും ഊർജ്ജദാതാക്കൾക്കുള്ള തിരിച്ചടവുകളുമാണെന്നും ഇവയോടൊപ്പം മൂലധന ചെലവ് (മുടക്കുമുതൽ) നിറവേറ്റുന്നതിനായി എടുത്തത് ഒഴികെയുള്ള മറ്റു വായ്പകളും ഉൾപ്പെടുന്നതാണെന്നും സ്കീമിലെ ഖണ്ഡം 2.5.6ൽ പ്രസ്താവിച്ചിരിക്കുന്നു. കെ. എസ്. ഇ. ബിയുടെ 2011-12 സാമ്പത്തിക വർഷത്തേക്കുള്ള താത്ക്കാലിക കണക്കുകൾ പ്രകാരം, സ്കീമിൽ വിവക്ഷിച്ചിരിക്കുന്ന ഹ്രസ്വകാല ബാദ്ധ്യതകളുടേയും പവർ പർച്ചേസ് തിരിച്ചടവുകളുടേയും അനുവദനീയമായ തുക ചുവടെ പട്ടികയിൽ നൽകിയിരിക്കുന്നു :-

| വിശദാംശങ്ങൾ | തുക (കോടി രൂപയിൽ) |
|---|---|
| a) പ്രവർത്തന മൂലധനത്തിനായി കടമെടുത്ത തുക | 1114.49 |
| b) ബാങ്കുകളിൽ നിന്നുള്ള ഹ്രസ്വകാല വായ്പകൾ | 799 |
| c) പവർ പർച്ചേസിനായുള്ള ബാധ്യതകൾ | 727.14 |
| **ആകെ യോഗ്യമായ തുക** | **2640.63** |

**III. സ്കീം :**

(a) **സംസ്ഥാന സർക്കാരിനു വേണ്ടി കെ. എസ്. ഇ. ബി കടപ്പത്രങ്ങൾ (bonds) പുറപ്പെടുവിക്കുന്നത് :-**

**കേരള സർക്കാർ ഏകദേശം 1320.32 കോടി രൂപയുടെ (2640.63 ൻെറ 50%) ബാദ്ധ്യതകളാണ് ഏറ്റെടുക്കേണ്ടി വരുന്നത്. കെ. എസ്. ഇ. ബി തത്തുല്യമായ തുകയ്ക്ക് സംസ്ഥാന സർക്കാരിനുവേണ്ടി സ്കീമിൽ പങ്കാളികളാകുന്ന ധനകാര്യ സ്ഥാപനങ്ങൾക്ക്** സർക്കാർ ഗാരൻറിയോടെ കടപത്രങ്ങൾ (bonds) പുറപ്പെടുവിക്കേണ്ടതുണ്ട്. സംസ്ഥാന സർക്കാർ തിരിച്ച് ടി ധനകാര്യ സ്ഥാപനങ്ങളുടെ പേരിൽ പ്രത്യേക കടപ്പത്രങ്ങൾ (special securities) പുറപ്പെടുവിക്കുന്നതു മുഖേന സംസ്ഥാനത്തിൻെറ FRBM പരിധിക്കുള്ളിൽ ലഭ്യമായ ഇടത്തിനനുസൃതമായി 2 മുതൽ 5 വർഷം വരെ നീണ്ടുനിൽക്കുന്ന കാലയളവിനുള്ളിൽ ഘട്ടം ഘട്ടമായി പ്രസ്തുത ബാധ്യത ഏറ്റെടുക്കേണ്ടതുമാണ്. അതാതു സംസ്ഥാനങ്ങളുടെ FRBM നിയമങ്ങളിൽ

നിഷ്ക്കർഷിച്ചിട്ടുള്ളതു പ്രകാരമുള്ള ലക്ഷ്യങ്ങൾക്കുള്ളിൽ നിന്നു കൊണ്ടാണ് പ്രത്യേക കടപ്പത്രങ്ങൾ പുറപ്പെടുവിക്കുന്നത് എന്ന് സംസ്ഥാന സർക്കാർ ഉറപ്പുവരുത്തേണ്ടതാണ്.

(b) വായ്പകളുടെ പുനഃക്രമീകരണം

സ്കീമിലെ വ്യവസ്ഥകൾ പ്രകാരം, ബാധ്യതകളുടെ ശേഷിക്കുന്ന 50%, അതായത് ഏകദേശം 1320.32 കോടി രൂപ കെ. എസ്. ഇ. ബി പുനഃക്രമീകരിക്കുകയും സംസ്ഥാന സർക്കാരിന്റെ ഗാരന്റിയുടെ പിൻബലത്തിൽ മുതലിന്മേൽ 3 വർഷത്തേയ്ക്കുള്ള മൊറട്ടോറിയത്തോടെ ആയത് തിരിച്ചടയ്ക്കുകയും ചെയ്യേണ്ടതാണ്. പുനഃസംഘടന സംബന്ധിച്ച കൃത്യമായ ധാരണകളും വ്യവസ്ഥകളും സംബന്ധിച്ച് സംസ്ഥാന സർക്കാരിനോടും കെ. എസ്. ഇ. ബി യോടും കൂടിയാലോചിച്ചശേഷം വായ്പ നൽകുന്ന സ്ഥാപനങ്ങൾക്ക് തീരുമാനിക്കാവുന്നതാണ്.

**IV. കേന്ദ്ര സർക്കാർ സഹായം :**

പുനഃസംഘടിത-ഊർജ്ജിത ഊർജ്ജ വികസന പരിഷ്ക്കരണ പദ്ധതിയിൽ (Re-structured - Accelerated Power Development and Reforms Programme (R-APDRP)) നിഷ്ക്കർഷിച്ചിട്ടുള്ള നഷ്ടത്തിന്റെ തോതിനുമപ്പുറം ആകെ സാങ്കേതിക -വാണിജ്യ നഷ്ടം (Aggregate Technical and Commercial Loss ( AT & C loss)) ഊർജ്ജിതമായി കുറയ്ക്കുന്നതുവഴി മിച്ചം വയ്ക്കപ്പെടുന്ന അധിക ഊർജ്ജത്തിന്റെ അളവിനു തുല്യമായ ഗ്രാന്റ് ഇൻസെൻറീവ് ആയും, ഈ സ്കീം പ്രകാരം സംസ്ഥാന സർക്കാരുകൾ ഏറ്റെടുക്കുന്ന ബാധ്യതകളുടെ മുതലിനത്തിലുള്ള തിരിച്ചടവിന്റെ 25% തിരിച്ചു നൽകിക്കൊണ്ടുള്ള മൂലധനസഹായമായും കേന്ദ്ര സർക്കാർ ലഭ്യമാക്കും.

7. സ്കീം പ്രകാരം സാമ്പത്തിക പുനഃസംഘടനാ പദ്ധതി (Financial Restructuring plan (FRP)), താരിഫ് നിശ്ചയിക്കലും വരുമാനം ആർജ്ജിക്കലും, സബ്സിഡി, മീറ്ററിംഗ്, ആഡിറ്റും അക്കൗണ്ടും, മോണിട്ടറിംഗ് എന്നീ ദൂരവ്യാപകമായ ഫലങ്ങൾ ഉളവാക്കുന്ന നിർബന്ധിത നടപടികൾ അനുവർത്തിച്ചിരിക്കേണ്ടതാണ്. പ്രധാന നടപടികൾ ചുരുക്കി താഴെ കൊടുത്തിരിക്കുന്നു :-

(i) സാമ്പത്തിക പുനസംഘടനാ പദ്ധതി തയ്യാറാക്കുകയും മുഖ്യധന കാര്യ സ്ഥാപനങ്ങളുടെ അംഗീകാരം നേടുകയും ചെയ്യുക.

(ii) സാമ്പത്തിക പുന:സംഘടനാ പദ്ധതി സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻെറ തത്വത്തിലുള്ള അംഗീകാരത്തിനു സമർപ്പിക്കുക.

(iii) വൈദ്യുതി നൽകുന്നതിനുള്ള ശരാശരി ചെലവും ശരാശരി വരുമാനവും തമ്മിലുള്ള അകലം സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുന്ന കടപ്പത്രങ്ങളുടെ മെറട്ടോറിയം കാലയളവിനുള്ളിൽ ഇല്ലാതാക്കുന്നുവെന്ന് സംസ്ഥാന സർക്കാർ ഉറപ്പ് വരുത്തുക.

(iv) സംസ്ഥാന സർക്കാർ നൽകാനുള്ള സബ്സിഡി, വൈദ്യുതി ബില്ലുകൾ എന്നിവയുടെ കുടിശ്ശികയും വൈദ്യുതി ബോർഡിനുള്ള ബാധ്യതകളും തട്ടി ക്കിഴിക്കുമ്പോൾ സർക്കാർ നൽകുവാനുള്ള തുക കൂടുതലാണെങ്കിൽ അത് പരിഹരിച്ചശേഷമാണ് ഹ്രസ്വകാല ബാധ്യതകളുടെ പുന:സംഘടന നടത്തേണ്ടത്. സംസ്ഥാന സർക്കാർ 31-03-2012 വരെ കുടിശ്ശികയായ എല്ലാ വൈദ്യുതി ബില്ലുകളും 30-11-2012 നകം അടച്ചുതീർക്കേണ്ടതും കെ. എസ്. ഇ. ബി ഇതു സംബന്ധിച്ച് ഒരു സാക്ഷ്യപത്രം സംസ്ഥാന തല മോണിട്ടറിംഗ് സമിതി മുഖേന കേന്ദ്രതല മോണിട്ടറിംഗ് സമിതിയ്ക്ക് സമർപ്പിക്കേണ്ടതുമാണ്.

(v) സ്കീമിൽ ലഭ്യമായിട്ടുള്ളതു പ്രകാരമല്ലാതെ പ്രവർത്തന നഷ്ടം പരിഹരിക്കുന്നതിന് ബാങ്കുകൾ/ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് സംസ്ഥാന സർക്കാരോ വിതരണ കമ്പനിയോ ഹ്രസ്വകാല വായ്പകൾ സ്വീകരിക്കരുത്.

(vi) ഫ്രാഞ്ചൈസി ക്രമീകരണങ്ങൾ വഴിയോ മറ്റേതെങ്കിലും സ്വകാര്യ പങ്കാളിത്ത രീതി മുഖേനയോ സംസ്ഥാന വിതരണ രംഗത്ത് സ്വകാര്യ മേഖലയെ ഭാഗഭാക്കാക്കുന്നതിനുള്ള രൂപത്തിൽ വിതരണ കമ്പനി ഒരു വർഷത്തിനകം തയ്യാറാക്കി കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റിയ്ക്ക് അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്.

(vii) 2012-13-ലെ താരീഫ് ഉത്തരവ് സാമ്പത്തിക പുനരുദ്ധാരണ പാക്കേജ് അംഗീകരിക്കുന്നതിനു മുൻപു തന്നെ പ്രസിദ്ധീകരിക്കേണ്ടതും തുടർന്ന് ഓരോ സാമ്പത്തിക വർഷവും ഏപ്രിൽ 30നു മുൻപ് മോഡൽ താരിഫ് റഗുലേഷൻ പ്രകാരം പ്രസിദ്ധീകരിക്കേണ്ടതുമാണ്.

(viii) റഗുലേറ്ററി ആസ്തികളുടെ (Regulatory Assets) ലിക്വിഡേഷൻ സംബന്ധിച്ച് ഒരു സമയ ബന്ധിത പദ്ധതി തയ്യാറാക്കുക.

(ix) കാർഷിക സബ്സിഡി വിതരണം ചെയ്യുന്നത് ഫീഡർ/വിതരണ ട്രാൻസ്ഫോർമർ മീറ്റർ ഡാറ്റായുടെ അടിസ്ഥാനത്തിലായിരിക്കണം.

(x) എല്ലാ സർക്കാർ ഉപഭോക്താക്കൾക്കും വൻകിട ഉപഭോക്താക്കൾക്കും പ്രീ-പെയ്ഡ് മീറ്ററുകൾ (Pre-paid meters) 31-03-2013 നകം സ്ഥാപിക്കുക.

(xi) 2011-12-ലെ ആഡിറ്റു ചെയ്ത കണക്കുകൾക്ക് 31-01-2013 നകം അന്തിമ രൂപം നൽകേണ്ടതും ആയത് 2013 ഓടുകൂടി 1956ലെ കമ്പനി നിയമത്തിൻെറ പരിധിയിൽ കൊണ്ടുവരികയും ചെയ്യുക.

(xii) പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിനായി സംസ്ഥാന തലത്തിൽ ഒരു മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കുക.

8. സംസ്ഥാന സർക്കാരും സംസ്ഥാന വിതരണ കമ്പനിയും വിവിധ നടപടികൾ കൈക്കൊള്ളേണ്ടതാണെന്ന് സ്കീം അനുശാസിക്കുന്നു. സംസ്ഥാന സർക്കാർ സ്വീകരിക്കേണ്ട നടപടികളുടെ സംക്ഷിപ്ത രൂപം ചുവടെ ചേർക്കുന്നു.

(i) സംസ്ഥാന സർക്കാർ സംസ്ഥാന വിതരണ കമ്പനിയ്ക്ക് നൽകിയ വായ്പകൾ ഇക്വിറ്റിയാക്കി മാറ്റുക.

(ii) സംസ്ഥാന ധനകമ്മിയുടേയും (State fiscal deficit) പൊതു കടത്തിൻേറയും (Market borrowings) പരിധി ഉയർത്തുക.

(iii) വിതരണ കമ്പനികളുടെ ഹ്രസ്വകാല ബാധ്യതകളുടെ 50% ന് തുല്യമായ തുകയ്ക്ക് കമ്പനി പുറപ്പെടുവിക്കുന്ന ബോണ്ടുകൾ ഏറ്റെടുക്കുകയും ഏറ്റെടുക്കൽ തീയതി വരെയുള്ള പലിശയുടേയും മുതലിൻേറയും തിരിച്ചടവിനു സഹായം നൽകുകയും ചെയ്യുക.

(iv) വൈദ്യുതി വിതരണവുമായി ബന്ധപ്പെട്ട് സർക്കാർ വകുപ്പുകൾ നൽകാനുള്ള മുഴുവൻ കുടിശ്ശികയും 30-11-2012 നു മുൻപായി അടയ്ക്കുക. ഭാവിയിൽ സർക്കാർ കെട്ടിടങ്ങളിൽ പ്രീപെയ്ഡ് മീറ്ററുകൾ സ്ഥാപിക്കേണ്ടതാണ്.

(v) ഇളവുകൾ (സബ്സിഡി) മുൻകൂറായും ഫീഡർ ഡാറ്റായുടെ അടിസ്ഥാനത്തിലും നൽകുക.

(vi) വിതരണ കമ്പനി എടുക്കുന്ന വായ്പകൾക്കോ പുറപ്പെടുവിക്കുന്ന കടപ്പത്രങ്ങൾക്കോ സംസ്ഥാന സർക്കാർ ഗാരൻറി നൽകുക.

(vii) വിതരണ കമ്പനിയുടെ ബോർഡിൽ ധനകാര്യ സ്ഥാപനങ്ങളുടെ പ്രതിനിധിയെ നാമനിർദ്ദേശം ചെയ്യുക.

(viii) സംസ്ഥാന വിതരണ കമ്പനിയുടെ ഉടമ എന്ന നിലയിൽ സാമ്പത്തിക പുനരുദ്ധാരണ പദ്ധതി പ്രകാരം കണക്കാക്കപ്പെടുന്ന ടേൺ ഓവറിൽ (turn over) നിന്നുള്ള കുറവ് പരിഹരിക്കുന്നതിന് തയ്യാറാകുക.

(ix) സാമ്പത്തിക പുനരുദ്ധാരണ പദ്ധതിയുടെ വ്യവസ്ഥകൾ പാലിക്കുന്നതിന് നിയമ പരമായ അധികാരം ലഭിക്കുന്നതിനായി ഊർജ്ജ മന്ത്രാലയം നിയമ നിർമ്മാണത്തിനുള്ള മാതൃക പുറപ്പെടുവിക്കുന്ന തീയതി മുതൽ 12 മാസങ്ങൾക്കുള്ളിൽ നിയമ നിർമ്മാണം നടത്തുക.

9. കെ. എസ്. ഇ. ബി അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന സാമ്പത്തിക പ്രതിസന്ധി കണക്കിലെടുക്കുമ്പോൾ, സ്കീമിൽ വിഭാവനം ചെയ്തിട്ടുള്ള കടങ്ങളുടെ പുന:സംഘടന ഈ ഘട്ടത്തിൽ അത്യധികം ഒഴിച്ചുകൂടാനാവാത്തതാണെന്നും കെ. എസ്. ഇ. ബി മെമ്പർ (ഫിനാൻസ്) അറിയിച്ചു. കെ. എസ്. ഇ. ബി ചെയർമാനേയും കൂടി ഉൾപ്പെടുത്തി സർക്കാർ തലത്തിൽ ഒരു സംസ്ഥാന തല മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കാവുന്നതാണെന്നും വിവിധ സ്റ്റേക്ക് ഹോൾഡർമാരുമായി സ്കീമിലെ വ്യവസ്ഥകളിന്മേൽ വിശദമായ ചർച്ചകൾക്കും കൂടി കാഴ്ചകൾക്കും ശേഷം അവരുടെ സമ്മതവും അഭിപ്രായ ഐക്യവും ഉറപ്പുവരുത്താവുന്നതാണെന്നും നിർദ്ദേശിക്കപ്പെട്ടു. 14-11-2012-ലെ കത്തു പ്രകാരം കേന്ദ്ര ഊർജ്ജ മന്ത്രാലയം സ്കീമിൽ ചേരുന്നതിനുള്ള 'തത്വത്തിലുള്ള' സമ്മതം ഒരാഴ്ച്ചയ്ക്കകം നിർദ്ദിഷ്ട പ്രഫോർമയിൽ നൽകണമെന്ന് അറിയിച്ചിരുന്നു. തദനുസരണം, 17-12-2012-ലെ കത്തുപ്രകാരം സ്കീമിൽ ചേരുന്നതിനുള്ള സംസ്ഥാന സർക്കാരിൻെറ തത്വത്തിലുള്ള സമ്മതം കേന്ദ്ര ഊർജ്ജ മന്ത്രാലയത്തെ അറിയിച്ചിട്ടുണ്ട്.

10. ഈ വിഷയം സംബന്ധിച്ച് ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ചപ്പോൾ ആ വകുപ്പ് താഴെപ്പറയുന്ന അഭിപ്രായം രേഖപ്പെടുത്തി :-

Administrative Department is informed as follows. It is seen that Administrative Department has delayed the file badly. The

state cannot afford to lose the benefits announced by the Government of India to Kerala State Electricity Board, which is already in a precarious financial situation. State Government has already taken over part of the liabilities outstanding as on 31-03-2012. In the circumstance, State Government has no other option, but to agree to the conditions set forth by Government of India for joining the scheme. Council decision has to be taken in the matter.

This has the approval of Chief Secretary & Hon'ble Minister (Finance, Law & Housing).

11. ഈ വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്കു സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയങ്ങൾ

(i) സംസ്ഥാന വൈദ്യുതി ബോർഡ് നിർദ്ദേശിക്കുകയും, ധനകാര്യ വകുപ്പ് ശുപാർശ ചെയ്യുകയും ചെയ്ത പ്രകാരം, കേന്ദ്ര സർക്കാരിന്റെ ഊർജ്ജ മന്ത്രാലയം ആവിഷ്ക്കരിച്ചിട്ടുള്ള സംസ്ഥാന വിതരണ കമ്പനികളുടെ സാമ്പത്തിക പുനരുദ്ധാരണത്തിനായുള്ള പദ്ധതിയിൽ, കേന്ദ്ര സർക്കാർ മുന്നോട്ടുവച്ചിട്ടുള്ള വ്യവസ്ഥകൾ അംഗീകരിച്ചുകൊണ്ട് സംസ്ഥാന സർക്കാർ ചേരുകയും പദ്ധതി നടപ്പാക്കുകയും ചെയ്യാമോ ?

(ii) സ്കീമിലെ ഖണ്ഡം 4.2 ൽ നിഷ്ക്കർഷിച്ചിട്ടുള്ളതു പ്രകാരം പരിവർത്തന പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും താഴെപ്പറയുന്നവർ അംഗങ്ങളുമായി സംസ്ഥാന തല മോണിട്ടറിംഗ് കമ്മിറ്റിയ്ക്ക് രൂപം നൽകാമോ ?

1. ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി
2. ഊർജ്ജ വകുപ്പ് സെക്രട്ടറി (മെമ്പർ സെക്രട്ടറി)
3. കെ. എസ്. ഇ. ബി. ചെയർമാൻ
4. കെ. എസ്. ഇ. ബി മെമ്പർ (ഫിനാൻസ്)

5. കെ. എസ്. ഇ. ബിയുടെ പ്രധാനപ്പെട്ട 3 ധനകാര്യ സ്ഥാപനങ്ങളുടെ പ്രതിനിധികൾ.
6. റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയിൽ നിന്നുള്ള പ്രതിനിധി.
7. കേന്ദ്ര വൈദ്യുതി അതോറിറ്റിയിൽ നിന്നുള്ള പ്രതിനിധി.

Section Officer